പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *85      14.01.2021-ൽ മറുപടിയ്ക്ക്

## ഭൂരഹിത പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ . കെ . വി . വിജയദാസ്<br>ശ്രീ. പി.വി.അൻവർ<br>ശ്രീമതി വീണാ ജോർജ്ജ്<br>ശ്രീ . കാരാട്ട് റസാഖ് | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്തെ ഭവനരഹിതരും ഭൂരഹിതരുമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | എ) | സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നിക്ഷിപ്ത വനഭൂമി, ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതി, ലാന്റ് ബാങ്ക് പദ്ധതി, വനാവകാശ നിയമപ്രകാരം നൽകുന്ന കൈവശരേഖ, ലഭ്യമായ റവന്യൂ ഭൂമി/ഫാം ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ഭൂമി കണ്ടെത്തി റ്റി.ആർ.ഡി.എം മുഖേന വീടടക്കമുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും നൽകി പുനരധിവസിപ്പിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 4768 പേർക്ക് 3869.73 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. പുനരധിവസിപ്പിക്കപ്പെട്ടവരിൽ റ്റി.ആർ.ഡി.എം മുഖേന മാത്രം 1633 പേർക്ക് വീടിനുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്.<br>ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ മുൻ വർഷങ്ങളിൽ അനുവദിച്ചതും, 31.03.2016 നുള്ളിൽ പൂർത്തീകരിക്കാത്തതുമായ 12022 വീടുകൾ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥ നിർമ്മാണ ചെലവ് അനുവദിച്ച് 11306 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 716 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതരായിട്ടുള്ളവർക്ക് പുതിയ ഭവനങ്ങളുടെ നിർമ്മാണമെന്ന പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്. ടി പദ്ധതി, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്. കുടുംബശ്രീ മുഖേന നടത്തിയ സർവ്വേ പ്രകാരം 6058 പട്ടികവർഗ്ഗ ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി ഗുണഭോക്താക്കളിൽ നിലവിൽ 3405 പേർ കരാറിൽ ഏർപ്പെട്ട് നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. ആയതിൽ 2426 വീടുകളുടെ നിർമ്മാണം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. |
| ബി) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിനായി ഇതുവരെ എത്ര ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; | ബി) | വനാവകാശ നിയമം, നിക്ഷിപ്ത വനഭൂമി വിതരണം, ഭൂമി വാങ്ങി നൽകുന്ന പദ്ധതി, ലാന്റ് ബാങ്ക് പദ്ധതി, റവന്യൂ ഭൂമി, ഫാം ഭൂമി വിതരണം എന്നീ ഇനങ്ങളിലായി നാളിതുവരെയായി 38,877 പേർക്ക് 47630.33 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. |
| സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികവർഗ്ഗത്തിൽ പെട്ടവർക്ക് വനാവകാശ നിയമ പ്രകാരം കൈവശാവകാശരേഖ വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനാവകാശ നിയമം പ്രകാരം കൈവശാവകാശ രേഖ ലഭിക്കുന്നതിനായി 6265 അപേക്ഷകൾ പുതിയതായി ലഭിച്ചതിൽ 1328 പേർക്ക് 1662.96 ഏക്കർ ഭൂമിക്കുള്ള കൈവശാവകാശ രേഖ വിതരണം ചെയ്തിട്ടുണ്ട്.<br>നിലവിൽ SDLC മുമ്പാകെ 3937 അപേക്ഷകളും, DLC മുമ്പാകെ 221 അപേക്ഷകളും തീർപ്പാക്കാനുണ്ട്. DLC പാസ്സാക്കിയ 1099 അപേക്ഷകരുടെ ആർ.ഒ.ആർ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു.<br>പെന്റിംഗിലുള്ള എല്ലാ അപേക്ഷകളും അടിയന്തിരമായി തീർപ്പാക്കണമെന്നും, DLC നിരസിച്ച അപേക്ഷകൾ അടിയന്തിരമായി പുനഃപരിശോധിച്ച് തെറ്റായി നിരസിച്ച അപേക്ഷകൾ ഉണ്ടെങ്കിൽ ആയവ |

| | | | |
|---|---|---|---|
| | | | പുനഃപരിശോധിക്കാൻ ജില്ലാ കളക്ടർ/പ്രോജക്റ്റ് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>കോവിഡ് മഹാമാരി മൂലം കഴിഞ്ഞ ഒരുവർഷമായി ജോയിന്റ് വെരിഫിക്കേഷൻ നടത്തുവാൻ കഴിയാത്തതും സർവ്വേ പൂർത്തീകരിക്കാൻ കഴിയാത്തതും മൂലം വനാവകാശ നിയമം പ്രകാരമുള്ള അപേക്ഷകൾ തീർപ്പാക്കുവാൻ കഴിയാതെ വന്നു. ആയവ പരിഹരിച്ച് വനാവകാശ നിയമം പ്രകാരമുള്ള എല്ലാ അപേക്ഷകളും ത്വരിതഗതിയിൽ തീർപ്പാക്കുന്നതിനുള്ള പ്രവർത്തനം നടന്നു വരുന്നു. |
| ഡി) | ഈ കാലയളവിൽ ഭവനരഹിതർക്ക് പുതിയ വീടുകൾ നിർമ്മിച്ച് നൽകുന്നതിനും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂർത്തിയാക്കാതിരുന്ന വീടുകളുടെ പൂർത്തീകരണത്തിനുമായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | ഡി) | മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ചതും, പൂർത്തിയാക്കാത്തതുമായ 12022 ഗുണഭോക്താക്കളെ ലൈഫ് മിഷൻ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി യഥാർത്ഥ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി 6 ലക്ഷം രൂപ വരെ അനുവദിച്ച് നൽകുകയും ആയതിൽ 11306 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 716 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭൂമിയുള്ള ഭവനരഹിതർക്ക് ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയാണ് പുതിയ വീടുകൾ നിർമ്മിച്ചു നൽകി വരുന്നത്. കുടുംബശ്രീ മുഖേന നടത്തിയ സർവ്വേ പ്രകാരം 6058 പട്ടികവർഗ്ഗ ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി ഗുണഭോക്താക്കളിൽ നിലവിൽ 3405 പേർ കരാറിൽ ഏർപ്പെട്ട് നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. ആയതിൽ 2426 വീടുകളുടെ നിർമ്മാണം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്.<br>ആയതിലേക്ക് 2019-20 സാമ്പത്തിക വർഷം 64,46,00,000/-രൂപ ലൈഫ് മിഷന് അനുവദിച്ച് നൽകിയിരുന്നു. നടപ്പ് സാമ്പത്തിക വർഷം ടി |

| | | | |
|---|---|---|---|
| | | | പദ്ധതിക്കായി വകയിരുത്തിയ തുകയിൽ 140 കോടി രൂപ ലൈഫ് മിഷന് അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അനുവദിച്ച വീടുകൾക്കും, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂർത്തിയാക്കാതിരുന്ന വീടുകൾക്കുമായി 2016-17 വർഷം 46.2936 കോടി രൂപയും, 2017-18 വർഷം 114.82 കോടി രൂപയും, 2018-19 വർഷം 137.85 കോടി രൂപയും, 2019-20 വർഷം 76.09 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**